പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2573 06.12. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബിയിൽ സബ് എഞ്ചിനീയർ തസ്തികയിലേക്കുള്ള നിയമനം

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ സബ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും; | (എ) കെ.എസ്.ഇ.ബി.എൽ-ലെ സബ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് (30% ക്വാട്ട) 01.12.2015 – ൽ നിലവിൽ വന്നു.<br><br>30.11.2018 –ൽ കാലാവധി അവസാനിക്കും. |
| (ബി) എത്ര ഒഴിവുകൾ ഇതുവരെയായി പി.എസ്.സിക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പുതുതായി എത്ര ഒഴിവുകൾ നിലവിലുണ്ട്; | (ബി) ഇതുവരെയായി '611' ഒഴിവുകൾ പി.എസ്.സി . ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>നിലവിൽ ഒഴിവില്ല. |
| (സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 22.11.2018 – ന് സബ് എഞ്ചിനീയറിൽ നിന്നു അസിസ്റ്റന്റ് എഞ്ചിനീയർമാരിലേയ്ക്ക് താൽക്കാലിക പ്രമോഷൻ നൽകി ഉണ്ടായ താൽക്കാലിക ഒഴിവിലേയ്ക്ക് '137' സബ് എഞ്ചിനീയർ തസ്തികകളും പി.എസ്.സി. - ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ബഹു.ഹൈക്കോടതിക്കു മുമ്പാകെയുള്ള WA-814/2018, WA 896/2018, WP(c) No. 24056/2018 എന്നീ കേസുകളിലെ അവസാന വിധിയ്ക്കു വിധേയമായി ബഹു.ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം 220 ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ